# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഓഗസ്റ്റ് 11

# വാർത്താക്കുറിപ്പ്

## ഇന്നത്തെ (12 - 8 - 2021) പരീക്ഷ മാറ്റി

അഫിലിയേറ്റഡ് കോളേജുകളിൽ ഇന്ന് (ഓഗസ്റ്റ് 12) നടത്താൻ നിശ്ചയിച്ചിരുന്ന ആറാം സെമസ്റ്റർ പഞ്ചവത്സര ബി.എ./ ബി.ബി.എ./ ബി.കോം എൽ.എൽ.ബി. റഗുലർ/സപ്ലിമെന്ററി പരീക്ഷകൾ സെപ്റ്റംബർ ഒന്നിന് നടക്കും. പരീക്ഷകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

(പി.ആർ.ഒ/39/760/2021)

## ഫീസടയ്ക്കാനുള്ള തീയതി നീട്ടി

സെപ്റ്റംബർ മൂന്നുമുതൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന ആറാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ എൽ.എൽ.ബി. (ഓണേഴ്സ് - 2017 അഡ്മിഷൻ മുതൽ റഗുലർ/ 2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയ്ക്ക് ഫീസടയ്ക്കാനുള്ള തീയതി നീട്ടി. പിഴയില്ലാതെ ഓഗസ്റ്റ് 12 വരെയും 525 രൂപ പിഴയോടെ ഓഗസ്റ്റ് 13 വരെയും 1050 രൂപ സൂപ്പർഫൈനോടെ ഓഗസ്റ്റ് 14 വരെയും ഫീസടയ്ക്കാം.

(പി.ആർ.ഒ/39/761/2021)

## പരീക്ഷ തീയതി

നാലാം സെമസ്റ്റർ ബി.വോക് (2018 അഡ്മിഷൻ റഗുലർ - പുതിയ സ്കീം) പരീക്ഷകൾ സെപ്റ്റംബർ ഒന്നുമുതൽ ആരംഭിക്കും.

(പി.ആർ.ഒ/39/762/2021)

## എം.ബി.എ. പ്രവേശന റാങ്ക് ലിസ്റ്റ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ 2021-23 എം.ബി.എ. ബാച്ചിൽ അഡ്മിഷന് യോഗ്യരായവരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ലിസ്റ്റ് www.mgu.ac.in, smbs.mgu.ac.in എന്നീ വെബ് സൈറ്റുകളിൽ പരിശോധിക്കാം.

(പി.ആർ.ഒ/39/763/2021)

## പരീക്ഷഫലം

2020 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ. തമിഴ് സി.എസ്.എസ്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് 25 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/764/2021)

2021 ജനുവരിയിൽ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടന്ന രണ്ടാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/765/2021)

2019 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.ബി.എ. (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് 26 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/766/2021)

2021 ജനുവരിയിൽ ഐ.ഐ.ആർ.ബി.എസിൽ നടന്ന അഞ്ചാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഇന്റർഡിസിപ്ലിനറി മാസ്റ്റർ ഓഫ് സയൻസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/767/2021)

## സോഫ്റ്റ്‌വെയർ ഡെവലപ്പർ ഒഴിവ്

മഹാത്മാഗാന്ധി സർവകലാശാലയിൽ സീനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർ/ സോഫ്റ്റ്‌വെയർ ഡെവലപ്പർ തസ്തികയിൽ കരാറടിസ്ഥാനത്തിൽ താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വിശദവിവരം www.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും. ഫോൺ: 0481-2733303.

(പി.ആർ.ഒ/39/768/2021)

## വോക്-ഇൻ-ഇന്റർവ്യൂ മാറ്റി

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ സോഷ്യൽ വർക്കിൽ അധ്യാപകന്റെ താൽക്കാലിക ഒഴിവിലേക്ക് ഓഗസ്റ്റ് 13ന് ഉച്ചകഴിഞ്ഞ് രണ്ടിന് നടത്താൻ നിശ്ചയിച്ചിരുന്ന വോക്-ഇൻ-ഇന്റർവ്യൂ ഓഗസ്റ്റ് 26ലേക്ക് മാറ്റി. സമയം രാവിലെ 10 മണി. താല്പര്യമുള്ളവർക്ക് ഓഗസ്റ്റ് 25 വരെ sbsmgu@gmail.com എന്ന ഇമെയിൽ വിലാസത്തിൽ ബയോഡാറ്റ സമർപ്പിക്കാം.

(പി.ആർ.ഒ/39/769/2021)

## ക്യാറ്റ് പ്രവേശന പരീക്ഷ മാറ്റി

മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിലും ഇന്റർ സ്കൂൾ സെന്ററിലും നടത്തുന്ന വിവിധ എം.എ., എം.എസ് സി., എം.റ്റി.റ്റി.എം., എൽ.എൽ.എം., മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ്, എം.എഡ്., എം.ടെക്, ബി.ബി.എ. എൽ.എൽ.ബി. എന്നീ പ്രോഗ്രാമുകളിലേക്ക് 2021-22 അക്കാദമിക വർഷ പ്രവേശനത്തിനായി ഓഗസ്റ്റ് 12, 13 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന ക്യാറ്റ് പ്രവേശന പരീക്ഷ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/770/2021)

## പുസ്തകപ്രകാശനവും ഡോക്യുമെന്ററി റിലീസും

മഹാത്മാഗാന്ധി സർവകലാശാല അന്തർ സർവകലാശാല സുസ്ഥിര ജൈവ കാർഷിക പഠനകേന്ദ്രത്തിന്റെ 'ജൈവം' പദ്ധതിയുടെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ പ്രൊഫ. ഡോ. സന്ധ്യ ആർ.എസ് രചിച്ച 'സസ്റ്റെയിനബിൾ കൾട്ടിവേഷൻ ഓഫ് മെഡിസിനൽ പ്ലാന്റ്സ് എന്ന പുസ്തകത്തിന്റെയും ഡോ. സന്ധ്യ നിർമിച്ച് അനൂപ് കെ.എ. സംവിധാനം ചെയ്ത വീട്ടുമുറ്റത്തൊരു ഔഷധത്തോട്ടം എന്ന ഡോക്യുമെന്ററിയുടെയും പ്രകാശനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിച്ചു. സിൻഡിക്കേറ്റംഗം ഡോ. കെ.എം. സുധാകരൻ പുസ്തകം ഏറ്റുവാങ്ങി. വൈസ് ചാൻസലറുടെ ചേംബറിൽ നടന്ന ചടങ്ങിൽ ഡോ. സന്തോഷ് പി. തമ്പി, ഡോ. പി.പി. നൗഷാദ് എന്നിവർ സംബന്ധിച്ചു.

കോഴിക്കോട് ജില്ലയിലെ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ അഞ്ചുവാർഡുകളിലായി നടപ്പാക്കിയ ജൈവ ഔഷധ സസ്യകൃഷിയുടെ വിശദാംശങ്ങളാണ് പുസ്തകത്തിലും ഡോക്യുമെന്ററിയിലും പ്രതിപാദിച്ചിരിക്കുന്നത്. കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ ആറ് ഏക്കറോളം സ്ഥലത്ത് രാമച്ചം, കറ്റാർവാഴ, നെയ്യുമ്പളം, ബ്രഹ്മി, കച്ചോലം, കസ്തൂരിമഞ്ഞൾ തുടങ്ങി പതിനേഴോളം ഔഷധ തൈകൾ ജൈവകൃഷി രീതിയിൽ വളർത്തുന്നതായിരുന്നു പദ്ധതിയുടെ ആദ്യഘട്ടം. ഔഷധസസ്യ കൃഷിയുടെ പ്രാധാന്യവും വിപണന സാധ്യതകളും കൃഷിക്കാരിലേക്കെത്തിക്കുകയും അതിന് അവരെ പ്രാപ്തരാക്കുകയും ചെയ്ത പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. പദ്ധതിക്ക് കീഴിലുള്ള പരിശീലനത്തിന് നേതൃത്വം നൽകിയത് ജൈവ കർഷകനും കോഴിക്കോട് ഗവൺമെന്റ് എൻജിനീയറിംഗ് കോളേജിലെ അധ്യാപകനുമായ പ്രൊജക്ട് കൺസൾട്ടന്റ് ഡോ. മനു വി. തോട്ടയ്ക്കാടാണ്.

(പി.ആർ.ഒ/39/771/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ